# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5486

## 02-11-2016 ലെ മറുപടിക്ക്

## കിഫ്ബിയുടെ പ്രവർത്തന പുരോഗതി

| ചോദ്യം<br>ശ്രീ. കെ. ബാബു | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 20,000 കോടി രൂപയുടെ 2-ാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. തെരഞ്ഞെടുത്ത അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാവശ്യമായ മൂലധന നിക്ഷേപമാണ് ഈ പാക്കേജിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ, SEBI, RBI എന്നിവയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായ സംവിധാനങ്ങളും മാർഗ്ഗങ്ങളുമുപയോഗപ്പെടുത്തി പൊതുവിപണിയിൽ നിന്നും ധനസമാഹരണം നടത്തി കിഫ്ബി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനനുയോജ്യമായ രീതിയിൽ 19-08-2016 തീയതിയിലെ |

| | |
|---|---|
| | ഓർഡിനൻസ് നം.6/2016 ലൂടെ 1999 ലെ KIIF ആക്ട് സർക്കാർ ഭേദഗതി ചെയ്യുകയും, അത് 19-08-2016 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം നം.1464 ലൂടെ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പ്രാഥമിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങളിൽ 08-08-2016 ലെ സ.ഉ (കൈ) നം.315/2016/ധന ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ KIIF ആക്ടിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതാണ്. പുതുക്കിയ 2016-17 ബഡ്ജറ്റിലൂടെ KIIFB ക്ക് ഉറപ്പാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതി, പെട്രോളിൻമേലുള്ള സെസ്സ് എന്നിവയുടെ വിഹിതം അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിനായി കിഫിന് അനുവദിക്കപ്പെട്ട ശീർഷകത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.. അനായാസമായ പദ്ധതി നടത്തിപ്പിന് കൃത്യവും യുക്തവും ക്രമീകൃതവും സമയബന്ധിതവുമായ ധനസമാഹരണം ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| | എസ്.പി.വികളെ ഉപയോഗിക്കുകയോ പദ്ധതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ SPV യെ വിഭാവനം ചെയ്യുകയോ ചെയ്യാവുന്നതാണ്.<br>3) എസ്.പി.വികൾ പദ്ധതി നടത്തിപ്പിനായി ആവശ്യമെങ്കിൽ പുറമെനിന്നും വിദഗ്ധ ഉപദേഷ്ടാക്കളെ (Consultants) നിയമിക്കാവുന്നതാണ്. അതിനായി ഒരു Request for Proposal (RFP) തയ്യാറാക്കുക എന്നത് എസ്.പി.വികളുടെ ചുമതലയാണ്. ഇതു തയ്യാറാക്കുന്നതിന് എസ്.പി.വികൾക്ക് പരിമിതികൾ നേരിടുന്നപക്ഷം KIIFB തയ്യാറാക്കിയിട്ടുള്ള General RFP മാതൃക അവലംബിക്കാവുന്നതാണ്. ഇ-ടെന്ററിംഗ് വഴിയുള്ള Consultant നിയമനം ഉറപ്പുവരുത്തേണ്ടതുമാണ്. ഇങ്ങനെ നിയമിക്കുന്ന Consultants ന്റെ സഹായത്തോടെ ഫീസിബിലിറ്റി സ്റ്റഡി, പ്രിലിമിനറി പ്രോജക്റ്റ് റിപ്പോർട്ട് (PPR), ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR), ഫിനാൻഷ്യൽ പ്രൊപ്പോസൽ തുടങ്ങിയവ തയ്യാറാക്കുകയും KIIFB യിൽ സമർപ്പിക്കുകയുമാണ് അടുത്ത നടപടി.<br>4) ഇപ്രകാരം സ്വീകരിക്കുന്ന പദ്ധതികൾ KIIF ആക്റ്റിലേയും സ്കീമിലേയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മപരിശോധന നടത്തി, ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള |

| | |
|---|---|
| **(ബി)** കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പദ്ധതി നിർദ്ദേശം തയ്യാറാക്കുന്നതും, സമർപ്പിക്കുന്നതും, നിർവ്വഹിക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ താഴെപ്പറയുംവിധമാണ്.<br>1) വകുപ്പുകൾ അവരുടെ കീഴിൽ വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യ നടപടി. തുടർന്ന്, ഭരണവകുപ്പിന്റെ അനുമതിയും മന്ത്രിസഭയുടെ അംഗീകാരവും അനിവാര്യമാണ്. 100 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പദ്ധതികൾക്കായിരിക്കും KIIFB മുഖേന ധനസഹായം നൽകുന്നത്. 10 കോടി രൂപയിൽക്കുറയാത്ത അടങ്കലുള്ള, സമാന സ്വഭാവമുള്ള പദ്ധതികൾ സംയോജിപ്പിച്ച് ആകെ 100 കോടിക്കു മുകളിൽ മതിപ്പു തുക വരുന്ന പദ്ധതികളാക്കിയും പരിഗണിക്കുന്നതാണ്.<br>2) പദ്ധതി നിർവ്വഹണത്തിനായി വകുപ്പുകൾ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)യെ നിയമിക്കുക എന്നതാണ് അടുത്ത നടപടി. പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന താൽക്കാലിക സംരംഭങ്ങളോ സംവിധാനങ്ങളോ ആണ് SPV എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വകുപ്പുകൾക്ക് നിലവിലുള്ള സർക്കാർ അംഗീകൃത |

| | |
|---|---|
| | ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന പക്ഷം KIIFB ധനസഹായം നൽകുന്നതും, SPV വഴി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**